SH CMI Public School Thevara.

Std V മലയാളം Worksheet - 10 വ്യാകരണം

Marks: 15

I താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കേരളക്കരയിലെ നദികളിൽ വലിപ്പം കൂടിയ നാലെണ്ണമാണ് ബേപ്പൂർപ്പുഴ, ഭാരതപ്പുഴ, പെരിയാർ, പമ്പാനദി എന്നിവ. ഇവയിൽ നീളം കൂടിയത് ഭാരതപ്പുഴയാണ്. എന്നാൽ ജലസമ്പത്തിൽ മികച്ചു നിൽക്കുന്നത് പെരിയാറത്രേ. ഭാരതപ്പുഴയുടെ നീളം ഇരുനൂറ്റിയമ്പത് കിലോമീറ്ററാകുന്നു. പെരിയാറിന്റെ നീളം ഇരുനൂറ്റിമുപ്പത്തിയേഴു കിലോമീറ്ററും. പശ്ചിമഘട്ടത്തിലെ ആനമലയിൽ നിന്നാണ് ഭാരതപ്പുഴ പുറപ്പെടുന്നത്. ഭാരതപ്പുഴയും പെരിയാറുമാണ് കേരളത്തിന്റെ പ്രധാന ജീവനാഡികൾ.

ചോദ്യങ്ങൾ.

1 ഏതു നദികളാണ് കേരളത്തിന്റെ പ്രധാന ജീവനാഡികൾ?

2 കേരളക്കരയിലെ നദികളിൽ വലിപ്പം കൂടിയ നാലെണ്ണം ഏതെല്ലാം?

3 ജലസമ്പത്തിൽ മികച്ചുനിൽക്കുന്ന നദി ഏതാണ്?

4. ഭാരതപ്പുഴ പുറപ്പെടുന്നതെവിടെ നിന്നാണ്?

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. $5 \times 1 = 5$

II തന്നിട്ടുള്ള വാക്യങ്ങളെ ഭൂതകാലത്തിലേക്ക് മാറ്റിയെഴുതുക.

1. പുഴ കരകവിഞ്ഞൊഴുകുന്നു.
2 പ്രഭാതത്തിൽ കിളികൾ പാടുന്നു.
3 അമ്മ കുഞ്ഞിനെ ഓമനിക്കുന്നു.

$3 \times 1 = 3$

III തന്നിട്ടുള്ള വാക്യങ്ങളെ ഭാവികാലത്തിലേക്ക് മാറ്റിയെഴുതുക.

1. മഴ ശക്തമായി പെയ്തു.
2 കൊടുംവേനലിൽ നദികൾ വറ്റിവരണ്ടു.
3 പകർച്ചവ്യാധികൾ നാടെങ്ങും പടരുന്നു.

$3 \times 1 = 3$

IV തന്നിട്ടുള്ള വാക്യങ്ങളെ വർത്തമാനകാലത്തിലേക്ക് മാറ്റിയെഴുതുക.

1 കുട്ടനാട്ടിൽ താറാവുകൾ ചത്തൊടുങ്ങി.
2 പ്രളയം ബാധിച്ച പ്രദേശങ്ങൾ മുഖ്യമന്ത്രി സന്ദർശിക്കും.
3. വിദ്യാലയങ്ങൾ ജൂണിൽ തുറക്കും.
4 സൂര്യനുദിക്കവേ താമരപ്പൂക്കൾ വിടരും.

$4 \times 1 = 4$